# STD - XI

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന് ബൈബിൾ ജീവന്റെ വചനം ഭാഗം - ഒന്ന്

### ലക്ഷ്യം

ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ മാർഗ്ഗരേഖയായ വിശുദ്ധഗ്രന്ഥത്തിന് നമ്മുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകുക. രക്ഷയിലേക്കു നയിക്കുന്ന ദൈവസ്നേഹം വെളിപ്പെടുത്തുകയാണ് വിശുദ്ധഗ്രന്ഥത്തിന്റെ ലക്ഷ്യം.

സ്രഷ്ടാവായ ദൈവം തന്റെ ആത്മാവിലൂടെ മക്കളോട് സംസാരിക്കുന്ന അമൂല്യഗ്രന്ഥമാണ് ബൈബിൾ. വിശുദ്ധ ബൈബിൾ നമ്മുടെ അനുദിന ജീവിതത്തിനുള്ള മാർഗ്ഗരേഖയാണ്.

### പഠനസഹായികൾ

* ടീച്ചറിന്റെയോ കുടുംബത്തിന്റെയോ ജീവിതത്തിൽ വചനത്തിലൂടെ ലഭിച്ച ദൈവാനുഭവം കുട്ടികളോട് പങ്കുവയ്ക്കുന്നു.
* ടീച്ചറിന്റെ ജീവിതത്തെ സ്പർശിച്ച വചനഭാഗങ്ങൾ - എഴുതിയ ചാർട്ട് - (ഉദാ. ലൂക്കാ. 9:25)
* വചനം - ഉത്പ. 1:27, ഉത്പ. 3:1-3, ഉത്പ. 3:14-19

### പാഠത്തിന്റെ ഉള്ളടക്കം

* വാമൊഴിയായും വരമൊഴിയായും പരിശുദ്ധാത്മാവിലൂടെ ദൈവം പൂർവികർക്ക് വെളിപ്പെടുത്തിയതാണ് ബൈബിൾ.
* ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ പാപം ചെയ്ത് പറദീസ നഷ്ടമാക്കിയപ്പോൾ പൂർവപിതാക്കന്മാരിലൂടെയും പ്രവാചകൻമാരിലൂടെയും, അവസാനം ക്രിസ്തുവിലൂടെ രക്ഷ പൂർത്തിയാക്കി. ഇതാണ് രക്ഷാകര ചരിത്രം. സഭ ഇപ്പോഴും ക്രിസ്തു ഭരമേൽപ്പിച്ച അവരുടെ ദൗത്യം തുടരുന്നു.

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, തിരുവചനത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കിക്കൊണ്ട് വചനത്തിന്റെ പാതയിൽ ചരിക്കുവാനും ജീവിക്കുവാനും വേണ്ട കൃപാവരം ഞങ്ങളിൽ ചൊരിയണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. നിങ്ങളുടെ അനുദിന ജീവിതത്തിൽ നിങ്ങളെ സ്പർശിച്ചതും, ദൈവസ്നേഹാനുഭവത്തിലേക്ക് നയിച്ചതുമായ തിരുവചനഭാഗങ്ങൾ എഴുതിക്കൊണ്ടുവരിക.
2. രക്ഷാകര ചരിത്രം എന്നാൽ എന്ത്?
3. ബൈബിളിന്റെ വിവിധ നാമങ്ങൾ ഏതെല്ലാം?
4. 'ക്രിസ്തു മനുഷ്യകുലത്തിന്റെ രക്ഷകനുമായി.' വിശദമാക്കുക

# STD - XI

## അദ്ധ്യാപക സഹായി

## പാഠം – ഒന്ന്    ബൈബിൾ ജീവന്റെ വചനം    ഭാഗം – രണ്ട്

### ലക്ഷ്യം

ദൈവവചനത്തിന്റെ സർഗ്ഗാത്മകതയും ഫലദായകത്വവും ബോധ്യപ്പെടുത്തുക

ദൈവവചനം ജീവൻ നൽകാനും സൃഷ്ടിക്കാനും ശക്തിയുള്ളതാണ്.

ദൈവവചനം ആദിയിൽ എന്നപോലെ ഇന്നും മനുഷ്യരോട് സംസാരിക്കുന്നുവെന്ന ഉത്തമബോധ്യം.

### പഠനസഹായികൾ

* പഠിക്കാൻ കഴിവില്ല എന്നുപറഞ്ഞ് പുറത്താക്കിയ തോമസ് ആൽവ എഡിസനെ അമ്മയുടെ പ്രചോദനത്താൽ ഇന്ന് ലോകം അറിയപ്പെടുന്ന ശാസ്ത്രജ്ഞനായി മാറിയ കഥ.
* വചനം – ഏശയ്യ 55:10–11
* വചനം എന്ന പദത്തിനെക്കുറിച്ച് എഴുതിയ ചാർട്ട്.

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവവചനം സർഗ്ഗാത്മകമാണ് (Creative). ജീവൻ നൽകാനും സൃഷ്ടിക്കാനും ശക്തിയുള്ളതാണ് 'ഉണ്ടാകട്ടെ' എന്ന വചനത്താൽ സൃഷ്ടികർമ്മം നിർവഹിക്കപ്പെടുന്നു.
* ദൈവവചനം എല്ലാക്കാലത്തും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. വചനം അന്നത്തെപ്പോലെ ഇന്നും സംവദിക്കുന്നു.
* പഴയനിയമം ദൈവവും മനുഷ്യനുമായുള്ള പഴയ ഉടമ്പടിയെയും, പുതിയനിയമം യേശുവിലൂടെ ദൈവം മനുഷ്യനുമായി പുനഃസ്ഥാപിച്ച പുതിയ ഉടമ്പടിയുമാണ് സൂചിപ്പിക്കുന്നത്.
* ലോഗോസ് എന്ന വാക്ക് ദൈവവചനത്തെ സൂചിപ്പിക്കുന്നു. ഗ്രീക്കിലുള്ള വാക്കാണ്.
* ലത്തീൻ പരിഭാഷ വുൾഗാത്ത (Vulgata) വിശുദ്ധ ജെറോം തയ്യാറാക്കി. 1546 തെന്തോസ് സൂനഹദോസ് ലത്തീൻ വുൾഗാത്തയിലുള്ള ഗ്രന്ഥങ്ങളെല്ലാം അവയുടെ പൂർണതയിൽ അംഗീകരിച്ചു.

## പ്രാർത്ഥന

സ്നേഹസാഗരമായ ദൈവമേ, ബൈബിളിനെ അതിന്റെ സർഗ്ഗാത്മകതയും ഫലദായകത്വവും ഉൾക്കൊണ്ട് ജീവിതപ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. ബൈബിൾ എത്രയായി തിരിച്ചിരിക്കുന്നു. വിശദമാക്കുക.
2. ഗ്രീക്കിൽ ദൈവവചനത്തെ സൂചിപ്പിക്കുന്ന പദം?
3. ഉടമ്പടി എന്നാൽ എന്ത്?
4. ബൈബിളിന്റെ ലത്തീൻ പരിഭാഷയുടെ നാമമെന്ത്?
5. സപ്തതി ബൈബിളിനെ എത്രയായി തരംതിരിച്ചിരിക്കുന്നു. വിശദമാക്കുക.

# STD - XI

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന്   ബൈബിൾ ജീവന്റെ വചനം   ഭാഗം - മൂന്ന്

### ലക്ഷ്യം

വിശുദ്ധഗ്രന്ഥത്തിന് പ്രഥമസ്ഥാനം നൽകാൻ സഹായകമാകുന്ന ചില തീരുമാനങ്ങൾ എടുക്കുവാനുള്ള പ്രേരണ നൽകുക. അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്. ആത്മാവും ജീവനുമാണ്. ആകാശവും ഭൂമിയും കടന്നു പോകും, എന്നാൽ ദൈവത്തിന്റെ വചനങ്ങൾ കടന്നുപോകുകയില്ലെന്ന വിശ്വാസം.

### പഠനസഹായികൾ

* വചനം - 2 തിമോ. 3:16, സങ്കീ. 119:105, യോഹ. 6:63, മർക്കോ. 13:31
* വിശുദ്ധ അഗസ്റ്റിനെപ്പോലെ വചനാനുഭവത്തിലൂടെ ജീവിത നവീകരണത്തിലേക്കു വന്ന വ്യക്തികളുടെ ജീവിതകഥ.

### പാഠത്തിന്റെ ഉള്ളടക്കം

* സമ്പൂർണ്ണ കത്തോലിക്കാ ബൈബിൾ 73 പുസ്തകങ്ങളാണുള്ളത്. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പുസ്തകങ്ങൾ ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു. അതിൽ 46 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളുമുണ്ട്.
* ബൈബിളിന്റെ കാനോനികത. 'കാനോൻ' എന്ന ഗ്രീക്ക് പദത്തിന്റെ വാച്യാർത്ഥം 'അളവുകോൽ' എന്നാണ്.
* ദൈവവചനത്തിന്റെ സവിശേഷതകൾ.
* വിശുദ്ധഗ്രന്ഥത്തിന് പ്രഥമസ്ഥാനം നൽകാൻ ചെയ്യേണ്ട കാര്യങ്ങൾ.

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, വചനത്തിലൂടെ അങ്ങയെ കൂടുതൽ ആഴത്തിൽ സ്നേഹിക്കുവാനും വചനം ഹൃദിസ്ഥമാക്കുവാനും വചനത്തിന് പ്രഥമസ്ഥാനം നൽകി, വചനാധിഷ്ഠിതമായ ജീവിതം നയിക്കാനും ഞങ്ങളെ അനുഗ്രഹിക്കേണമേ.

## ചോദ്യങ്ങൾ

1. ബൈബിൾ ദൈവനിവേശിതമാണ് എന്നു പറയുന്നത് എന്തുകൊണ്ട്?
2. ബൈബിളിന്റെ കാനോനികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
3. ബൈബിളിലെ കാനോനിക ഗ്രന്ഥങ്ങൾ സംബന്ധിച്ച് സഭ ആദ്യമായി പ്രഖ്യാപനം നടത്തിയത് എപ്പോൾ? എവിടെവച്ച്?
4. ദൈവവചനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്ന ചില വചനഭാഗങ്ങൾ പഠിച്ച് എഴുതുക.
5. വിശുദ്ധ ഗ്രന്ഥത്തിന് നമ്മുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം നൽകാൻ നാം ചെയ്യേണ്ട കാര്യങ്ങൾ ഏവ?